പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1069 12/03/2015 ൽ മറുപടിയ്ക്ക്

# പാഠപുസ്തക വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) അടുത്ത അധ്യയന വർഷത്തെ പാഠപുസ്തക വിതരണത്തിന്റെ ക്രമീകരണങ്ങൾ ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കുമോ ; | (എ) 2015-16 വർഷത്തേക്കുള്ള ഒന്നാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെയുള്ള പുസ്തകങ്ങൾക്ക് പ്രിന്റ് ഓർഡർ നൽകിയത് പ്രകാരം കെ.ബി.പി.എസ് അച്ചടിച്ചുകൊണ്ടിരിക്കുന്നു. വോള്യം I പുസ്തകങ്ങൾ അച്ചടിച്ചു കഴിഞ്ഞാലുടൻ പോസ്റ്റൽ വകുപ്പ് മുഖേന അടുത്ത അദ്ധ്യയന വർഷം തുടങ്ങുന്നതിനു മുമ്പുതന്നെ സ്കൂളുകളിൽ എത്തിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടന്നുവരുന്നു.<br>2015-16 അദ്ധ്യയന വർഷത്തിലേക്കു വേണ്ട 59 ഒന്നാം വർഷ ഹയർ സെക്കന്ററി പാഠപുസ്തകങ്ങളുടെ റീപ്രിന്റിംഗും, പുതുതായി നടപ്പിലാക്കുന്ന 65 രണ്ടാം വർഷ പാഠപുസ്തകങ്ങളുടെ അച്ചടിയും, വിതരണവും നടത്തുന്നതിന് ഹയർ സെക്കന്ററി ഡയറക്ടർ സി-ആപ്റ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും 2015 മേയ് 15 -ാം തീയതിയ്ക്കകം പൂർത്തിയാക്കണമെന്നാണ് സി-ആപ്റ്റിനോട് നിർദ്ദേശിച്ചിട്ടുള്ളത്. ഏതൊക്കെ പാഠപുസ്തകങ്ങൾ ആവശ്യമുണ്ടെന്നറിയിച്ചു കൊണ്ടുള്ള ഹയർ സെക്കന്ററി പ്രിൻസിപ്പൽമാരുടെ ഓൺ ലൈൻ ഇൻഡന്റിംഗ് മാർച്ച് 9-ാം തീയതി ആരംഭിക്കുന്നതിനുള്ള നടപടികൾ IT@School സ്വീകരിച്ചിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പിലെ സ്കൂളുകളിൽ നിന്നും സി-ആപ്റ്റിലേക്ക് പുസ്തകങ്ങൾക്കുള്ള ഇൻഡന്റ് ഓൺ-ലൈനായി നൽകുവാനുള്ള ക്രമീകരണങ്ങൾ നടന്നു വരുന്നു |

| | | | |
|---|---|---|---|
| ബി) | പാഠപുസ്തകങ്ങളുടെ അച്ചടി എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയും എന്നറിയിക്കുമോ ; | (ബി) | ഒന്നു മുതൽ പത്താംക്ലാസ്സ് വരെയുള്ള പാഠപുസ്തകങ്ങൾ അടുത്ത അദ്ധ്യയന വർഷം തുടങ്ങുന്നതിനു മുമ്പുതന്നെ അച്ചടിച്ച് വിതരണം ചെയ്യുന്നതാണ്. ഹയർ സെക്കന്ററി പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും 2015 മേയ് 15- ാം തീയതിയ്ക്കകം പൂർത്തിയാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കന്ററി പാഠപുസ്തകങ്ങൾ അടുത്ത അദ്ധ്യയന വർഷം തുടങ്ങുന്ന മാസത്തിൽ തന്നെ വിതരണം നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) | ഏതെല്ലാം ക്ലാസ്സുകളുടെ പാഠപുസ്തകങ്ങൾ മാറ്റുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (സി) | 2015-16 അദ്ധ്യയന വർഷം 2,4,6,8 എന്നീ ക്ലാസ്സുകളിലെ പുസ്തകങ്ങളാണ് മാറുന്നത്. 2015-16 അദ്ധ്യയന വർഷം, രണ്ടാം വർഷ ഹയർ സെക്കന്ററി പാഠപുസ്തകങ്ങളാണ് പുതുതായി പ്രാബല്യത്തിൽ കൊണ്ടുവരുന്നത്. കരിക്കുലം റിവിഷന്റെ തുടർച്ചയായി വൊക്കേഷണൽ വിഷയങ്ങളും രണ്ടാം വർഷ നോൺ വൊക്കേഷണൽ വിഷയങ്ങളിൽ ഇംഗ്ലീഷ്, ഹിസ്റ്ററി എന്നീ പുസ്തകങ്ങളും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നു. |
| ഡി) | അധ്യയന വർഷത്തിന്റെ തുടക്കത്തിൽ തന്നെ പാഠപുസ്തകങ്ങൾ എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) | പാഠപുസ്തക വിതരണം സമയബന്ധിതമായിതന്നെ പൂർത്തീകരിക്കുന്നതിനുവേണ്ട എല്ലാ നടപടികളും കൈക്കൊണ്ടിട്ടുണ്ട്. |

Padmakumar

സെക്ഷൻ ഓഫീസർ